# STD - I

## അദ്ധ്യാപക സഹായി

## പാഠം - നാല് പരിപാലിക്കുന്ന ദൈവം ഭാഗം - ഒന്ന്

### ലക്ഷ്യം

ദൈവം ഭൂമിയിലെ എല്ലാറ്റിനെയും പരിപാലിക്കുന്നു. നമുക്ക് ശ്വസിക്കുവാൻ വായുവും, ഭക്ഷിക്കുവാൻ ആഹാരവും, വസിക്കുവാൻ വീടും, ഉടുക്കുവാൻ വസ്ത്രവും നൽകി ദൈവം നമ്മെ പരിപാലിക്കുന്നു.

നമുക്ക് എല്ലാം നൽകി കാത്തുപരിപാലിക്കുന്ന ദൈവത്തെ ഞങ്ങൾ സ്നേഹിക്കും. ദൈവം സൃഷ്ടിച്ചവയെ കാത്തുപരിപാലിക്കും.

### പഠനസഹായികൾ

* കാവൽമാലാഖയുടെയും മുഖ്യദൂതന്മാരുടെയും ചിത്രങ്ങൾ
* കേടുപറ്റിയ പാലത്തിലൂടെ നടന്നുപോകുന്ന കുട്ടികളുടെയും അവരെ അനുഗമിക്കുന്ന കാവൽമാലാഖയും ഉള്ള ചിത്രങ്ങൾ.
* പരിപാലിക്കുന്ന ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചുള്ള ഒരു ജീവിത അനുഭവകഥ

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവം എല്ലാറ്റിനെയും സൃഷ്ടിച്ചു
* ഭൂമിയിലെ എല്ലാറ്റിനെയും ദൈവം പരിപാലിക്കുന്നു.
* എല്ലാ സൃഷ്ടവസ്തുക്കളേക്കാളേറെ ദൈവം നമ്മെ കാത്തുപാലിക്കുന്നു.
* നമുക്ക് വായുവും, ആഹാരവും, വീടും, വസ്ത്രവും ദൈവം നൽകുന്നു.
* കാവൽമാലാഖമാർ വഴിയും, മാതാപിതാക്കൾ, ഗുരുക്കന്മാർ, കൂട്ടുകാർ വഴിയും ഓരോ നിമിഷവും ദൈവം നമ്മെ കാത്തുപാലിക്കുന്നു.

### പ്രാർത്ഥന

ഞങ്ങളെ കാത്തുപരിപാലിക്കുവാൻ കാവൽമാലാഖമാരെ നൽകിയ കാരുണ്യവാനായ ദൈവമേ അങ്ങേയ്ക്കു സ്തുതിയും ആരാധനയും നന്ദിയും.

### ചോദ്യങ്ങൾ

1. ദൈവം എന്തെല്ലാം നൽകിയാണ് മനുഷ്യരായ നമ്മെ കാത്തുപാലിക്കുന്നത്?
2. ആരെല്ലാംവഴിയാണ് ദൈവം ഓരോ നിമിഷവും നമ്മെ കാത്തുപാലിക്കുന്നത്?
3. ആകാശത്തിലെ പക്ഷികളെ ആരാണ് തീറ്റിപ്പോറ്റുന്നത്?
4. ഭൂമിയിലെ മൃഗങ്ങളെയും സസ്യങ്ങളെയും ആരാണ് സംരക്ഷിക്കുന്നത്?
5. ദൈവപരിപാലനയിൽ നമുക്ക് പങ്കുചേരാൻ പറ്റുന്ന ഏതെങ്കിലും മൂന്നു കാര്യങ്ങൾ പറയുക?

# STD - I

## അദ്ധ്യാപക സഹായി

**പാഠം - നാല്      പരിപാലിക്കുന്ന ദൈവം    ഭാഗം - രണ്ട്**

### ലക്ഷ്യം

നമ്മുടെ കാലിടറുമ്പോഴും, കണ്ണീരൊപ്പാനും, നേർവഴികാട്ടാനും കൂട്ടിനായി ദൈവമയച്ച ഒരു കാവൽമാലാഖയുണ്ട്. എന്നെ എല്ലാ നിമിഷവും കാത്തുപാലിക്കാൻ കാവൽമാലാഖയെ നൽകിയ ദൈവത്തെ ഞാൻ സ്തുതിക്കും.

### പഠനസഹായികൾ

* ഉറങ്ങുന്ന കുട്ടിയുടെ അരികിൽ നിൽക്കുന്ന കാവൽമാലാഖയുടെ ചിത്രം
* കൂട്ടിന്നുണ്ടൊരു മാലാഖ എന്ന പാട്ട്.
* വചനം - സങ്കീ. 17:8
* ഉണ്ണിക്കവിത - കാരുണ്യത്തിൽ വളർന്നീടൂ

### പാഠത്തിന്റെ ഉള്ളടക്കം

* നമുക്ക് കൂട്ടായും, കാവലായും സാന്ത്വനമേകാനും, നേർവഴികാട്ടാനുമായും ദൈവമയച്ച കാവൽമാലാഖ
* കണ്ണിന്റെ കൃഷ്ണമണിപോലെ നമ്മെ കാത്തുപാലിക്കുന്ന ദൈവം
* മക്കളെ കാത്തുപാലിക്കുന്ന ദൈവത്തെ സ്തുതിക്കാം
* നമ്മെ കാത്തുപരിപാലിക്കുന്ന എല്ലാവരെയും സ്നേഹിക്കും
* സത്പ്രവൃത്തികൾ ചെയ്തുകൊണ്ട്, കാരുണ്യത്തിൽ വളരും

### പ്രാർത്ഥന

നല്ലവനായ ദൈവമേ, അങ്ങയുടെ ചിറകിന്റെ നിഴലിൽ നിത്യവും കാത്തുപാലിക്കുന്ന കാരുണ്യത്തിന് നന്ദിപറയുന്നു. ഉണ്ണീശോയെപ്പോലെ മാതാപിതാക്കളെ അനുസരിക്കുവാനും സ്നേഹിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

## ചോദ്യങ്ങൾ

1. നമ്മെ ഓരോ നിമിഷവും കാത്തുപാലിക്കുന്ന ആരെയൊക്കെയാണ് നമ്മൾ സ്നേഹിക്കേണ്ടത്?
2. നമുക്ക് നേർവഴികാട്ടാനായി ദൈവം ഭൂമിയിലേക്കയച്ചത് ആരെ?
3. നമ്മുടെ കൂട്ടായി ഓരോ നിമിഷവും കൂടെ നടക്കുന്നതാരാണ്?
4. നമ്മുടെ സങ്കടസമയത്ത് നമുക്ക് സാന്ത്വനമേകുന്നതാര്?
5. 'കൂട്ടിന്നുണ്ടൊരു മാലാഖ' പാട്ട് ചൊല്ലുക.